## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4140 16.12.14 ലെ മറുപടിക്ക്**

**"വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിലെ വരുമാനം"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ടി. വി . രാജേഷ് | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | വാണിജ്യ നികുതി ചെക്ക് പോസ്റ്റു-കളിൽ വരുമാനം വർദ്ധിപ്പിക്കുന്ന-തിനും ആധുനിക ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിനും കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചി-ട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ചെക്ക്പോസ്റ്റുകളിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എല്ലാ ചെക്ക്പോസ്റ്റുകളിലും 300 കിലോഗ്രാം വരെ തൂക്കാവുന്ന വെയിംഗ് ബാലൻസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളായ വാളയാർ, ഗോപാലപുരം, നടുപ്പുണി, ഗോവിന്ദപുരം, മീനാക്ഷിപുരം, കൂട്ടുപുഴ ബംഗ്രമഞ്ചേശ്വരം എന്നീ ചെക്ക് പോസ്റ്റുകളിൽ ബിൽറ്റ് ഓൺ ഓപ്പറേറ്റ് വ്യവസ്ഥയിൽ വെയ്ബ്രിഡ്ജുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട എ ക്ലാസ്, ബി ക്ലാസ്, എന്നീ ചെക്ക്പോസ്റ്റുകൾ എല്ലാം കമ്പ്യൂട്ടർ വത്ക്കരിച്ച് ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. വാളയാറിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഉദ്യോഗസ്ഥരുടെ സേവനം പരമാവധി ഉപയോഗ- പ്പെടുത്തി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കു- ന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | 2013-14 സാമ്പത്തിക വർഷത്തിൽ ചെക്ക് പോസ്റ്റുകൾ വഴി എത്ര രൂപ പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്; | (ബി) | 2013-14 സാമ്പത്തിക വർഷത്തിൽ ചെക്ക് പോസ്റ്റുകൾ വഴി മുൻകൂർ നികുതിയിനത്തിലും സെക്യൂരിറ്റി ഡെപ്പോസിറ്റിലുമായി 1021.76 കോടി രൂപ പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | 2014-15-ൽ നാളിതുവരെ എത്ര രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകുമോ; | (സി) | 2014-15 സാമ്പത്തികവർഷം മുൻകൂർ നികുതിയിനത്തിലും സെക്യൂരിറ്റി ഡെപ്പോസിറ്റിലുമായി 30.11.2014-വരെ 728.95 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | വാണിജ്യ നികുതി വകുപ്പിൽ 2013-14 വർഷത്തെ മൊത്തം നികുതി വരുമാനം 2014-15 വർഷത്തിൽ നാളിതുവരെ ലഭിച്ച നികുതി വരുമാനം എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | വാണിജ്യ നികുതി വകുപ്പിൽ 2013-14 വർഷത്തെ മൊത്തം നികുതി വരുമാനം 25376.25 കോടി രൂപയാണ്. 2014-15 വർഷത്തിൽ 30.11.2014 വരെ ലഭിച്ച നികുതി വരുമാനം 17631.32 കോടി രൂപയാണ്. |

**സെക്ഷൻ ഓഫീസർ.**